


# ദർശനം

Voice of Karattukunnel



കാരാട്ടുകുന്നേൽ സെന്റ് മേരീസ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 5 | ലക്കം 1 | ജൂലൈ 2011 | പേജ് 4


# വി. മാർത്തോമാശ്ലീഹാ ഭാരതത്തിന്റെ അപ്പോസ്തോലൻ



**വിപിൻ കെ. വർഗീസ് സൗത്ത് പാമ്പാടി**

വി. വേദപുസ്തകത്തിൽ ദിദിമോസ് തോമസ് എന്നും യൂദാസ് തോമസ് എന്നും അറിയപ്പെടുന്ന തോമസ് അപ്പോസ്തോലനാണ് ഭാരതത്തിൽ കർതൃസുവിശേഷം ഘോഷിച്ചത്. പാലസ്തീനിലെ ഗലീലി തടാകത്തിന്റെ തീരത്തു ജനിച്ചു വളർന്ന തോമ്മായും കുടുംബവും മത്സ്യബന്ധനം തൊഴിലാക്കിയവരായിരുന്നു. വേദപുസ്തകത്തിൽ മാർത്തോമാ എന്ന ധീരനായ പിതാവിനെക്കുറിച്ച് പരിമിതമായ ചില പരാമർശങ്ങളേ ഉള്ളൂ. ലാസറിന്റെ മരണവാർത്തയറിഞ്ഞ് യേശുക്രിസ്തു ബഥാന്യയിലേക്ക് പോകുവാൻ ഒരുങ്ങിയപ്പോൾ ശിഷ്യന്മാർ തടയാൻ ശ്രമിച്ചു. എന്നാൽ ധീരനായ നമ്മുടെ അപ്പോസ്തോലൻ "അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോക" എന്ന പ്രഖ്യാപനം വഴി ഗുരുവിനോടുള്ള സ്നേഹം പ്രകടമാക്കുന്നു. എന്നാൽ ധീരനായ തോമാശ്ലീഹാ ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാരെ ആദ്യം സന്ദർശിച്ചപ്പോൾ സന്നിഹിതനായിരുന്നില്ല. തന്മൂലം അദ്ദേഹത്തിന്റെ പൗരോഹിത്യം, അവിശ്വാസം എന്നിവയെ പരാമർശിച്ച് ചിലർ ആ പിതാവിന്റെ ശ്രേഷ്ഠതയെ ഇടിച്ചുതാഴ്ത്താൻ ശ്രമിച്ചു. എന്നാൽ യഥാർത്ഥ വസ്തുത മാർത്തോമാ പൈതൃകം പിൻതുടരുന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ യുവതലമുറ ഗ്രഹിക്കേണ്ടത് അനിവാര്യമാണ്.

**മാർത്തോമായുടെ പൗരോഹിത്യം**

മാർത്തോമാശ്ലീഹായ്ക്ക് പട്ടത്വം ഇല്ല എന്നു പറയുന്നതിന് അടിസ്ഥാനമായി സ്വീകരിക്കുന്ന വേദഭാഗം വി. യോഹന്നാൻ 20:21-24 വാക്യങ്ങളാണ്. "യേശു പിന്നെയും അവരോട് നിങ്ങൾക്കു സമാധാനം. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെമേൽ ഊതി അവരോട് പരിശുദ്ധാത്മാവിനെ കൈക്കൊൾവീൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു, ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു. എന്നാൽ യേശു വന്നപ്പോൾ പന്തിരുവരിൽ ഒരുവനായ ദിദിമോസ് എന്ന തോമസ് അവരോടുകൂടെ ഉണ്ടായിരുന്നില്ല." പൗരോഹിത്യ അധികാരമായ പാപമോചനാധികാരവും പരിശുദ്ധാത്മാവിനേയും ശിഷ്യന്മാർക്ക് പ്രദാനംചെയ്തപ്പോൾ മാർത്തോമാശ്ലീഹാ ഉണ്ടായിരുന്നില്ല എന്നതുകൊണ്ട് മാർത്തോമാശ്ലീഹായ്ക്ക് പൗരോഹിത്യം ഇല്ലാ എന്ന് പറയുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വസ്തുത ശിഷ്യസമൂഹത്തിന് മുഴുവനായും ആണ് ഈ അധികാരം നൽകിയത് എന്നതാണ്. അതായത് ഓരോ ശിഷ്യന്മാരേയും പേരെടുത്ത് പറഞ്ഞ് ഒരു അധികാരവും നൽകുന്നില്ല എന്നതുകൊണ്ട് തന്നെ മാർത്തോമാശ്ലീഹാ സന്നിഹിതനായിരുന്നില്ലെങ്കിലും ശിഷ്യസമൂഹത്തിന് മുഴുവനായും ലഭിച്ച അധികാരം അദ്ദേഹത്തിനും ലഭിക്കുന്നതിൽ അസ്വഭാവികത ഒന്നും ഇല്ല. കൂടാതെ ഈ സംഭവത്തിന് ശേഷം സ്വർഗ്ഗാരോഹണവും കഴിഞ്ഞ് അപ്പോസ്തോലന്മാരും വിശ്വാസി സമൂഹവും കൂടിയിരുന്നപ്പോഴാണ് യൂദായ്ക്ക് പകരക്കാരനെ തിരഞ്ഞെടുത്തത്. അപ്പോസ്തോല പ്രവൃത്തികൾ 1:24-ൽ വി. മത്യാസിനെ തെരഞ്ഞെടുത്തതിനെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "സകല ഹൃദയങ്ങളേയും അറിയുന്ന കർത്താവേ, തന്റെ സ്ഥലത്തേക്ക് പോകേണ്ടതിന് യൂദാ ഒഴിഞ്ഞുപോയ ഈ ശുശ്രൂഷയുടേയും അപ്പോസ്തോലത്വത്തിന്റേയും സ്ഥാനം ലഭിക്കേണ്ടതിന് ഈ ഇരുവരിൽ ഏവനെ നീ തിരഞ്ഞെടുത്തിരിക്കുന്നു എന്നു കാണിച്ചു തരേണമേ എന്നു പ്രാർത്ഥിച്ചു അവർക്ക് ചീട്ടിട്ടു." അപ്പോസ്തോലൻ എന്ന പദത്തിന്റെ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. അതായത് ദൈവത്താൽ നിയോഗിക്കപ്പെട്ടവൻ. ഇങ്ങനെയുള്ള അപ്പോസ്തോലത്വത്തിലേക്കും ദൈവീകശുശ്രൂഷയിലേക്കും മത്യാസ് തിരഞ്ഞെടുക്കപ്പെടുകയും യഹൂദ്യ, എത്യോപ്യ, യറുശലേം എന്നിവിടങ്ങളിൽ സുവിശേഷം അറിയിക്കുകയും ചെയ്തു. കർത്താവ് തിരഞ്ഞെടുത്ത തോമസ് അപ്പോസ്തോലത്വത്തിന് അയോഗ്യനാവുകയും ശിഷ്യന്മാർ നറുക്കിട്ടെടുത്ത മത്യാസ് യോഗ്യനാവുകയും ചെയ്യുന്നു എന്നു പറയുന്നത് തന്നെ മഠയത്തരമാണ്.

കൂടാതെ ഇതിന് അനുകൂലമായ ഒരു തെളിവ് പഴയനിയമത്തിൽ ഉണ്ട്. സംഖ്യാ പുസ്തകം 11:24-29 വാക്യങ്ങൾ ഇതേ സാഹചര്യം വ്യക്തമാക്കുന്നു: "അങ്ങനെ മോശ ചെന്നു യഹോവയുടെ വചനങ്ങളെ ജനത്തോടു പറഞ്ഞു. ജനത്തിന്റെ മൂപ്പന്മാരിൽ എഴുപതു പുരുഷന്മാരെ കൂട്ടി കൂടാരത്തിന്റെ ചുറ്റിലും നിറുത്തി. എന്നാറെ യഹോവ ഒരു മേഘത്തിൽ ഇറങ്ങി അവനോട് അരുളിചെയ്തു. അവൻമേലുള്ള ആത്മാവിനെ കുറെ എടുത്തു മൂപ്പന്മാരായ ആ എഴുപതു പുരുഷന്മാർക്കു കൊടുത്തു. ആത്മാവ് അവരുടെമേൽ ആവസിച്ചപ്പോൾ അവർ പ്രവചിച്ചു. പിന്നെ അങ്ങനെ ചെയ്തില്ല താനും. എന്നാൽ ആ പുരുഷന്മാരിൽ രണ്ടുപേർ പാളയത്തിൽതന്നെ താമസിച്ചിരുന്നു. ഒരുത്തനു എൽദാദ് എന്നും മറ്റവനു മേദാദ് എന്നും പേർ. ആത്മാവ് അവരുടെ മേലും ആവസിച്ചു. അവരും പേരെഴുതിയവരിൽ ഉള്ളവരായിരുന്നു. എങ്കിലും കൂടാരത്തിലേക്ക് ചെന്നിരുന്നില്ല. അവർ പാളയത്തിൽ വച്ചു പ്രവചിച്ചു. അപ്പോൾ ഒരു ബാല്യക്കാരൻ മോശയുടെ അടുക്കൽ ഓടിച്ചെന്നു എൽദാദും മേദാദും പാളയത്തിൽ വച്ചു പ്രവചിക്കുന്നു എന്ന് അറിയിച്ചു. എന്നാറെ നൂന്റെ മകനായി ബാല്യം മുതൽ മോശയുടെ ശുശ്രൂഷകനായിരുന്ന യോശുവ എന്റെ യജമാനനായ മോശയേ അവരെ വിരോധിക്കണമേ എന്നു പറഞ്ഞു. മോശെ അവനോട് എന്നെ വിചാരിച്ചു നീ അസൂയപ്പെടുന്നുവോ? യഹോവയുടെ ജനം ഒക്കെയും പ്രവാചകന്മാരാകയും യഹോവ തന്റെ ആത്മാവിനെ അവരുടെമേൽ പകരുകയും ചെയ്തെങ്കിൽ കൊള്ളായിരുന്നു എന്നു പറഞ്ഞു." തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നുവെങ്കിലും പാളയത്തിന് പുറത്തു വരാതെയിരുന്ന 2 പേർക്കും മറ്റുള്ളവർക്കു ലഭിച്ചതുപോലെ പരിശുദ്ധാത്മാവിനെ ലഭിച്ചതായും അവർ ഇരുവരും മറ്റുള്ളവരെപ്പോലെ പ്രവചിച്ചതായും വേദപുസ്തകം സാക്ഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സന്നിഹിതനായിരുന്നില്ലെങ്കിലും ശിഷ്യസമൂഹത്തിലേക്ക് വിളിച്ചു വേർതിരിക്കപ്പെട്ട മാർത്തോമാശ്ലീഹായ്ക്കും പൗരോഹിത്യവും പാപമോചനാധികാരവും ലഭിച്ചു എന്നത് സ്പഷ്ടമാണ്.

ഇതു കൂടാതെ വി. യോഹന്നാന്റെ സുവിശേഷം 16:7-ൽ ഇപ്രകാരം പറയുന്നു: "ഞാൻ പോകുന്നതു നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും." ഇത് യേശു തന്റെ ശിഷ്യന്മാരോടു പറയുന്നതാണ്. ഇവിടെ കാര്യസ്ഥൻ എന്നു പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവിനെക്കുറിച്ചാണ്. ഇവിടെ യേശു എടുത്തു പറയുന്ന ഒരു വസ്തുത 'യേശു പോയില്ല എങ്കിൽ പരിശുദ്ധാത്മാവ് വരികയില്ല' എന്നാണ്. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം മാത്രമേ പരിശുദ്ധാത്മാവ് ആവസിക്കുകയുള്ളു എന്നും ഇതിൽ നിന്നും മനസ്സിലാക്കാം. അപ്പോസ്തോലപ്രവൃത്തികൾ 2:1-4 വരെയുള്ള ഭാഗത്ത് പരിശുദ്ധാത്മാവ് ശിഷ്യസമൂഹത്തിന്റെ മേൽ ആവസിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സംഭവം സ്വർഗ്ഗാരോഹണത്തിന് ശേഷമാണ് നടക്കുന്നത്.

**അവിശ്വാസിയായ തോമസ് (സംശയാലുവായ തോമാ)**

മലങ്കരയിലുള്ള ചില നസ്രാണി മക്കൾ തങ്ങളുടെ പിതാവിനെ വിശേഷിപ്പിക്കുന്ന പദങ്ങളാണ് ഈ ഭാഗത്തിന്റെ തലക്കെട്ടായി നൽകിയിരിക്കുന്നത്. ആദ്യം സംശയാലുവായ തോമായെക്കുറിച്ചും യാതൊരു സംശയവും ഇല്ല എന്ന് പ്രഖ്യാപിക്കപ്പെടുന്ന മറ്റു ശ്ലീഹന്മാരെക്കുറിച്ചും വി. വേദപുസ്തകം എന്തു പറയുന്നു

*(ശേഷം നാലാം പേജിൽ)*

# ശൂനോയോ സംഗമം

ശൂനോയോ നോമ്പാചരണത്തിന്റെ ഭാഗമായി ഇടവകയിലെ ഭവനങ്ങളിൽ വച്ച് നടത്തുന്ന ശൂനോയോ സംഗമത്തിന്റെ ഉദ്ഘാടനം 2011 ഓഗസ്റ്റ് 01-ന് വഴനത്തോട്ടത്തിൽ ശ്രീമതി. ഏലിയാമ്മ തോമസിന്റെ ഭവനത്തിൽ വച്ചും സമാപനം ഓഗസ്റ്റ് 13-ന് നടയമാവുങ്കൽ ശ്രീ. എൻ. ഐ. പീലിപ്പോസിന്റെ ഭവനത്തിലും വച്ച് നടത്തപ്പെടുന്നതാണ്. ഓഗസ്റ്റ് 7-ന് മാർത്തമറിയം വനിതാസമാജത്തിന്റെ ആഭിമുഖ്യത്തിൽ തൂത്തൂട്ടി മാർ ഗ്രീഗോറിയോസ് ചാപ്പലിലും, ഓഗസ്റ്റ് 12-ന് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ അയർക്കുന്നം - തിരുവഞ്ചൂർ റോഡ്സൈഡിലുള്ള കുരിശുംതൊട്ടിയിലും, മറ്റ് ദിവസങ്ങളിൽ യഥാക്രമം കണ്ടമുണ്ടാരിൽ പുത്തൻപുരയിൽ ശ്രീ.പി.സി.തോമസ്കുട്ടി, വലിയവീട്ടിൽ ശ്രീ.വി.എം.മാത്യു, ഉടുമ്പനാട്ട് ശ്രീ.ജെ.തോമസ്, വട്ടത്തിൽ ശ്രീ.ഏബ്രഹാം ജേക്കബ്, വാലയിൽ ശ്രീ.വി.റ്റി.ഏബ്രഹാം, വഴനത്തോട്ടത്തിൽ ശ്രീമതി.മറിയാമ്മ ചാക്കോ, ഉതുപ്പാംപറമ്പിൽ ശ്രീ. ഒ. എം. സാജു, ചെറുകുന്നേൽ ശ്രീ. ജയമോൻ സി.ഐപ്പ്, ആനക്കുഴിയിൽ ശ്രീ.ഏ.റ്റി.ജോസഫ് എന്നിവരുടെ ഭവനങ്ങളിൽ വച്ച് നടത്തപ്പെടുന്നതാണ്.

# ഓഫീസ് കൂദാശയും നാമകരണവും

അമയന്നൂർ : കാരാട്ടുകുന്നേൽ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ ആദ്ധ്യാത്മീക സംഘടനകളായ സണ്ടേസ്ക്കൂൾ, യുവജനപ്രസ്ഥാനം എന്നിവയുടെ ഓഫീസ് മന്ദിരം ബഹു. വികാരി റവ. ഫാ. പി. സി. വറുഗീസിന്റെ കാർമ്മികത്വത്തിൽ കൂദാശ ചെയ്യപ്പെട്ടു. ഇടവകയുടെ മുൻവികാരിയും കൊച്ചി ഭദ്രാസന അധിപനും ആയിരുന്ന ആഭിവന്ദ്യ. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അനുസ്മരണാർത്ഥം യുവജനപ്രസ്ഥാന മന്ദിരത്തിന് മാർ സേവേറിയോസ് മെമ്മോറിയൽ ഹാൾ എന്ന് നാമകരണം ചെയ്തു.

## യുവജനപ്രസ്ഥാനത്തിന് പുതിയ ഭാരവാഹികൾ



**ആൻസൺ കുര്യൻ (ഭദ്രാസന സെക്രട്ടറി)**



**അനിൽമോൻ എൻ. എ. (ഭദ്രാസന ജോ. സെക്രട്ടറി)**



**ഷൈജു ഏബ്രഹാം (മണർകാട് ഡിക്ട്രിക്റ്റ് ഓർഗനൈസർ)**

# ബാലസമാജം കോട്ടയം ഭദ്രാസന വാർഷികം

അമയന്നൂർ കഴുന്നുവലം-മെത്രാഞ്ചേരി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ ബാലസമാജം കോട്ടയം ഭദ്രാസന വാർഷികം ജൂലൈ 9-ാം തീയതി ശനിയാഴ്ച 9.00 മുതൽ നടക്കും. അഭിവന്ദ്യ. ഇടവക മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി പങ്കെടുക്കും. ശ്രീ.സുനിൽ ഡി.കുരുവിള, ശ്രീ.ചെറിയാൻ വർഗീസ് ക്ലാസ് നയിക്കും.

# ദുക്റോനോ പെരുന്നാൾ

അമയന്നൂർ കഴുന്നുവലം-മെത്രാഞ്ചേരി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ വി.മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ ജൂലൈ മാസം മൂന്നാം തീയതി ഞായറാഴ്ച ആചരിച്ചു. റവ. ഫാ. പൗലോസ് നൈനാൻ ഇലവുന്താനം വി. കുർബ്bാന അർപ്പിച്ചു. പ്രദക്ഷിണം, പാച്ചോർ നേർച്ച എന്നിവ ഉണ്ടായിരുന്നു.


## സ്നേഹസ്മരണയ്ക്ക്



**Capt. M. P. Raju Mudayamkavil**
**Death: 7-4-2011 Birth: 20-11-1941**

Inserted by Sorrowing Family

## എഡിറ്റോറിയൽ

ദർശനം
പുസ്തകം 5 ലക്കം 1 ജൂലൈ 2011

# യുവാക്കൾ ഇന്ന് എവിടെയാണ്

**ഇന്നു** നമ്മുടെ സമൂഹത്തിലും, സഭയിലും കോളജുകളിലും ഒക്കെ നോക്കിയാൽ രക്ഷിതാക്കൾ ആശ്ചര്യപ്പെട്ടുപോകും. നമ്മുടെ വീടുകളിൽ കാണുന്ന സ്വഭാവങ്ങളും പ്രവർത്തനങ്ങളും അല്ല മക്കൾ പുറത്തേക്ക് ഇറങ്ങിക്കഴിയുമ്പോൾ. ദൈവവിളി കേൾക്കുവാൻ നമ്മുടെ യുവാക്കൾക്ക് കഴിയണം. യുവാക്കൾ നല്ല ദർശനം ഉള്ളവരായിരിക്കണം. ഈ ലോക മോഹങ്ങളിൽ ഒന്നും വീണുപോകാതിരിക്കാൻ യുവാക്കൾക്ക് കഴിയണം. അടിമകളായി നാടു വിടേണ്ടിവന്ന രണ്ടു യുവാക്കളുടെ ചരിത്രം വി. വേദപുസ്തകത്തിൽ നമ്മുക്ക് കാണുവാൻ കഴിയും. യോസേഫും, ദാനിയേലും ആണ് ആ യുവാക്കൾ. അവരുടെ ജീവിതരീതിയും, ദൈവവിശ്വാസവും സമ്പന്നതയും അവരെ എവിടെവരെ എത്തിച്ചു എന്ന് മനസ്സിലാക്കുവാൻ നമ്മുടെ കുട്ടികൾക്ക് കഴിയണം. ഈ ലോകത്തിന്റേതായ പ്രലോഭനങ്ങൾ വന്നിട്ടും അതിലൊന്നും വീണുപോകാതെ അവർ ദൈവത്തെ മുറുകെ പിടിച്ചു. എനിക്കും അതുപോലെ ആകുവാൻ കഴിയണം എന്ന് യുവാക്കളായ നമുക്ക് ഓരോരുത്തർക്കും കരുതുവാൻ കഴിയണം. ഇന്ന് വളർന്നുവരുന്ന തലമുറ ഏതുരീതിയിലും പണം ഉണ്ടാകുവാനും, മദ്യവും മയക്കുമരുന്നുകളും ഉപയോഗിക്കുവാനും ‘അടിപൊളി’ ജീവിതം നയിക്കുവാനും ആഗ്രഹിക്കുന്നവരാണ്. നമ്മുടെ ഇടവകയിലെ ഒരു യുവാവോ യുവതിയോ നഷ്ടപ്പെട്ടുപോകാൻ ഇടവരരുതെന്നു മാത്രമല്ല, നഷ്ടപ്പെട്ടുപോയതിനെ തിരിച്ചുകൊണ്ടുവരുവാൻ നമുക്ക് സാധിക്കുകയും വേണം. അതിനായി നമുക്ക് ഓരോരുത്തർക്കും ശ്രമിക്കുക്കയും പ്രാർത്ഥിക്കുകയും ചെയ്യാം. ദൈവം നമ്മളെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ

എന്ന് ചീഫ് എഡിറ്റർ

**ജോഷി ഒ. ജെ.**

## ദർശനം എഡിറ്റോറിയൽ ബോർഡ്

**രക്ഷാധികാരി**
റവ: ഫാ: പി. സി. വർഗീസ്
**ചീഫ് എഡിറ്റർ**
ജോഷി ഒ. ജെ.
**എഡിറ്റർ**
ജോമോൻ കെ. തോമസ്

**മെമ്പേഴ്സ്**
ജെയ്സൺ മാത്യു
അഖിൽ ടോം മാത്യു
സിന്റോമോൻ മാത്യു
റിനോദ് പി. ഏബ്രഹാം
മെറിൻ കുര്യൻ
റീനു എലിസബേത്ത് ഏബ്രഹാം

# ഉയരങ്ങളിലെ നീരുറവ



**ജെയ്സൺ മാത്യു**

**കടൽപ്പക്ഷികൾക്ക്** കുടിവെള്ളം ലഭിക്കുന്നത് എങ്ങനെയാണ്? ചില സമയങ്ങളിൽ അവ കരയിൽ നിന്ന് ആയിരക്കണക്കിനു മൈലുകൾ വിദൂരത്തായി സഞ്ചരിക്കും. തിരയടിക്കുന്ന ഉപ്പു കടലിന്റെ ഉച്ഛിഷ്ടങ്ങളിൽ അവർക്ക് എങ്ങനെ ശുദ്ധജലം ലഭിക്കും? എന്നാൽ അവയുടെ ഉറവിടം താഴെയല്ല മുകളിലാണ്. കൊടുങ്കാറ്റടിക്കുന്ന സമയത്ത് ഒരു കപ്പലിന്റെ മുകൾത്തട്ടിൽ നിന്ന് നോക്കുകയാണെങ്കിൽ, നാലു ദിശകളിൽ നിന്നും കൊടുങ്കാറ്റിനു നേരെ പറന്നടുക്കുന്ന പക്ഷികളെ നമുക്ക് കാണുവാൻ കഴിയും. വസന്തത്തിന്റെ നറുമണം അവരുടെ ജന്മസിദ്ധമായ കഴിവുകളിലൂടെ മനസ്സിലാക്കി അവ അതിനു നേരെ പാഞ്ഞടുക്കുകയാണ്. കൊടുംകാറ്റിന്റെ മടിത്തട്ടിൽ അവിടവിടെയായി ചിതറി വീഴുന്ന മഴത്തുള്ളികൾ അവ ആർത്തിയോടു കൂടി പാനം ചെയ്യുന്നു.

ചിറകുകളില്ലാത്ത സ്നേഹിതരേ, ജീവിതത്തിന്റെ മരുഭൂമിയിൽ ചുറ്റുപാടും ഉപ്പുവെള്ളം അലയടിക്കുമ്പോൾ വരണ്ട നാവുള്ള വേദനിക്കുന്ന ആത്മാക്കളേ, നിങ്ങൾ എവിടേക്കാണ് നോക്കുന്നത്? ജീവനുള്ള വെള്ളം താഴെയല്ല മുകളിലാണ്. അനുഗ്രഹത്തിന്റെ നീരുറവ വാഗ്ദത്തിന്റെ മേഘങ്ങളിലാണ്. സമൃദ്ധിയുടെ വഴിത്താരയിൽ ഉയരത്തിലേക്കു നോക്കുക. മുഖം ദൈവാഭിമുഖമായി ഉയർത്തുക. അപ്പോൾ സ്വർഗ്ഗത്തിന്റെ ജാലകങ്ങൾ തുറക്കും. അവയിൽ നിന്നു പൊഴിയുന്ന അനുഗ്രഹത്തിന്റെ മഴത്തുള്ളികൾ ഉൾക്കൊള്ളുവാൻ ദൈവം നമ്മെ ശക്തീകരിക്കും.

ആത്മീയ ജലത്തിനുവേണ്ടി ദാഹിച്ചിരുന്ന ശിഷ്യന്മാർക്കായി ഉയരത്തിൽ നിന്ന് ഒഴുകിയത് ആത്മീയ ജലമാണ്. പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടാണ് ദൈവം തന്റെ വാഗ്ദത്തം നിവർത്തിച്ചത്. ഈ നീരുറവയെപ്പറ്റിയാണ് യേശുക്രിസ്തു ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യെരുശലേമിൽ വെച്ച് വ്യക്തമാക്കിയത് (യോഹ. 7:37–39) ഈ ലോകത്തിലെ ജലം ആത്മാവിനു കുടിപ്പാൻ യോഗ്യമല്ല. അത് നമ്മുടെ ജഡത്തിനു വേണ്ടിയുള്ളതാണ്. ഈ വെള്ളം എത്ര കുടിച്ചാലും പിന്നെയും ജഡത്തിനു ദാഹമുണ്ടാകും. എന്നാൽ ആത്മീയ ജലം പാനം ചെയ്യുമ്പോൾ ശരീരത്തിന്റെ ദാഹമാകുന്ന ആർത്തിയേയും, അത് പൂർണ്ണമായും ശമിപ്പിക്കുമെന്നറിഞ്ഞ്, അത് ആവോളം പാനം ചെയ്യുവാൻ ശ്രമിക്കുക.

പ്രിയ ദൈവജനമേ, കോരഹ് പുത്രന്മാരോട് ചേർന്ന് നമുക്കും ഇപ്രകാരം പറയുവാൻ കഴിയുമോ? മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവ് നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു. എന്റെ ആത്മാവ് ദൈവത്തിനായി, ജീവനുള്ള ദൈവത്തിനായിത്തന്നെ ദാഹിക്കുന്നു. ഞാൻ എപ്പോൾ ദൈവസന്നിധിയിൽ ചെല്ലുവാൻ ഇടയാകും (സങ്കീ. 42: 1,2). ആത്മീയ ജലത്തിനായി ദാഹിക്കുന്നവരായി നമുക്ക് തീരാം, അതിനായി പ്രാർത്ഥിക്കാം.

ധ്യാനപീഠം

# ബഹുനിക്ഷേപങ്ങളിലെ ദാരിദ്ര്യം

**ഫാ. വറുഗീസ് മാത്യു (സുനിലച്ചൻ)**



**‘ഞാൻ** ധനവാൻ, സമ്പന്നനായിരിക്കുന്നു. എനിക്ക് ഒന്നിനും മുട്ടില്ല എന്ന് പറഞ്ഞുകൊണ്ട് നീ നിർഭാഗ്യനും അരിഷ്ടനും, ദരിദ്രനും കുരുടനും, നഗ്നനും എന്ന് അറിയാതിരിക്കയാൽ നീ സമ്പന്നൻ ആകേണ്ടതിന്.. നിന്നോട് ബുദ്ധി പറയുന്നു’’ (വെളി 5:13). ലവോദിക്യയിലെ സഭയെപ്പോലെ നാമും പല കാര്യങ്ങളിലും സമ്പന്നരാണ്. ബാങ്ക് നിക്ഷേപങ്ങൾ, ഭൂസ്വത്തുക്കൾ, ശാരീരിക സൗഖ്യം എന്നിവയെല്ലാം നമുക്കാണ്ടാകാം. പക്ഷെ, ആന്തരികമായി ഒരു ദാരിദ്ര്യം അനുഭവിക്കുന്നുണ്ട് എന്നുള്ള സത്യം നാം പലപ്പോഴും മറന്നുപോകുന്നു. തനിക്കു വേണ്ടി തന്നെ നിക്ഷേപിച്ച് ആത്മഗതമായ ആശ്വസിക്കുക, തിന്നുക, കുടിക്ക, ആനന്ദിക്ക എന്നു പറയുന്ന മൂഢനെപ്പോലെ നാമും സ്വപ്നലോകത്ത് ജീവിക്കുന്നു. ദൈവം ചോദിക്കുന്നു മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണൻ നിന്നോട് ചോദിക്കും നീ ഒരുക്കി വെച്ചത് ആർക്കാകും? (ലൂക്കോ: 12:19.20) ശവസംസ്ക്കാര ശുശ്രൂഷയിൽ ഇപ്രകാരം പാടുന്നു.

You Only live once but if you live right once is enough’

‘‘പോകുന്നേൻ നൽകാൻ എന്റെ കണക്കെല്ലാം

സർവ്വരഹസ്യ വിധീശൻ തൻ തിരുസന്നിധിയിൽ!’’

സ്വർഗ്ഗരാജ്യത്തിൽ നിക്ഷേപം ഇല്ലാതെ ഈ ലോകത്തിൽ മാത്രം നിക്ഷേപിക്കുന്നവരെ സംബന്ധിച്ച് ഈ ഈരടികൾ അർത്ഥശൂന്യമാണ്. കാരണം അവർക്ക് നൽകാനുള്ളത് ലോക വ്യാപരങ്ങളുടെ കണക്ക് മാത്രമാണ്.

**1. യഥാർത്ഥ നിക്ഷേപം**

ശാശ്വതമായ, പ്രത്യാശ നൽകുന്ന നിക്ഷേപങ്ങളെക്കുറിച്ച് യേശുതമ്പുരാൻ പറയുന്നു.

**2. ഹൃദയത്തിലെ നിക്ഷേപം**

‘നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു. (Mt. 12: 35 LK 6:45)

സ്വർഗ്ഗരാജ്യത്തിൽ അക്കൗണ്ട് തുടങ്ങാൻ കഴിയുന്നത് ഹൃദയത്തിൽ നല്ല നിക്ഷേപങ്ങളെ സ്വരൂപിക്കുമ്പോഴാണ്. ഈ രണ്ട് നിക്ഷേപങ്ങളും പരസ്പര പൂരകങ്ങളായി വർത്തിക്കുന്നു. ഈ ലോകത്തിൽ എന്തെല്ലാം സമ്പാദിച്ചാലും ആത്മാവ് നഷ്ടമായാൽ എന്തു പ്രയോജനം? (Mt. 16:20) ദൈവസാന്നിദ്ധ്യമുള്ള ഹൃദയത്തെ സമ്പാദിക്കുന്നതാണ് ഈ ലോകത്തിലെയും വരുവാനുള്ള ലോകത്തിലെയും വലിയ നിക്ഷേപം. ദൈവസന്നിദ്ധ്യമാണ് ഹൃദയത്തിൽ നന്മ ഉളവാക്കുന്നത്. നന്മയിൽ ജീവിക്കുവാൻ കഴിയുന്നതും ഹൃദയത്തിൽ നിന്ന് നല്ലത് പുറപ്പെടുവിക്കുവാൻ കഴിയുന്നതും നാം ദൈവോന്മുഖരായി തീരുമ്പോഴാണ്. നാം നന്മയുള്ളവരായി തീരുമ്പോൾ ദൈവപ്രസാദം ഉണ്ടാകുന്നു. (ഉല്പ. 4–7) ദൈവപ്രസാദം മനുഷ്യർക്ക് സമാധാനം പകരുന്നു (LK. 2:14)

സ്വർഗ്ഗരാജ്യത്തിൽ എപ്രകാരം നിക്ഷേപങ്ങളെ സ്വരൂപിക്കാം? സങ്കീർത്തനക്കാരൻ പറയുന്നു. ‘യഹോവേ നീ എന്റെ ഓഹരിയാകുന്നു’ (Ps119:57) യഹോവയിൽ എനിക്ക് പങ്ക് ഉണ്ട് എന്ന് സങ്കീർത്തനക്കാരൻ ഉറച്ച് പറയുന്നു. ഇപ്രകാരം ഉറപ്പിക്കണമെങ്കിൽ സ്വർഗ്ഗത്തിലെ ബാങ്കിൽ നിക്ഷേപം ഉണ്ടാകണം. അവിടെ കള്ളൻ കടക്കുകയോ, നഷ്ടസ്വരം ഉണ്ടാവുകയോ ചെയ്യുന്നില്ല. ഈ ബാങ്കിൽ നിക്ഷേപിക്കുവാനുള്ള രീതികളെക്കുറിച്ച് വി. വേദപുസ്തകം പറയുന്നു.

**(a) പ്രാർത്ഥന**

കൈസര്യയിൽ ഇത്താലിക്ക എന്ന പട്ടാളത്തിൽ ശതാധിപനായിരുന്ന കൊർന്നേല്യോസ് ദൈവഭക്തനായിരുന്നു. ദൈവഭക്തി അവന്റെ നിക്ഷേപം ആയിരുന്നു. (യേശ.33:6) അവന്റെ പ്രാർത്ഥന സ്വർഗ്ഗത്തിൽ എത്തിയിരുന്നു. (Act 10:4) പ്രാർത്ഥന സ്വർഗ്ഗബാങ്കിലെ നിക്ഷേപമാണ്. ഒരു വ്യക്തിക്കു വേണ്ടി പ്രാർത്ഥിക്കണമെങ്കിൽ ദൈവസ്നേഹം ഉണ്ടാകണം. പ്രാർത്ഥന ദൈവസ്നേഹത്തിന്റെ നീരുറവയാണ്. പ്രാർത്ഥന വിശ്വാസത്തിന്റെ പ്രതിഫലമാണ്. പ്രാർത്ഥന പ്രത്യാശയുടെ തിരിനാളമാണ്. ഇത് എന്നേക്കും നിലനില്ക്കുന്ന നിക്ഷേപമാണ്. (1Cori 13:13) ദൈവാലയത്തിൽ പോകുന്നതും വി. ആരാധനയിൽ സംബന്ധിക്കുന്നതും എല്ലാം നിക്ഷേപങ്ങളായി മാറുന്നു.

**(b)ദാനധർമ്മം**

കൊർന്നേല്യോസ് വളരെ ദാനധർമ്മം ചെയ്യുന്ന മനുഷ്യനായിരുന്നു. ദാനധർമ്മങ്ങൾ ചെയ്യുന്നവൻ യഹോവയ്ക്ക് വായ്പ കൊടുക്കുന്നു. (സദൃ 19:17) ഇപ്രകാരം ദാനധർമ്മങ്ങൾ ചെയ്യുമ്പോൾ യഹോവ ഓഹരിയായി മാറുന്നു. ‘നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രർക്ക് കൊടുക്ക എന്നാൽ സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും (Mt. 19:21, LK13:12) യേശുതമ്പുരാൻ ധനവനായ മനുഷ്യനോട് പറഞ്ഞ വാക്കുകളാണിത്. ദാനധർമ്മങ്ങളാകുന്ന സുകൃതം സ്വർഗ്ഗരാജ്യത്തിലെ നിക്ഷേപമാണ്.

ഈ ലോകത്തിൽ മാത്രം നിക്ഷേപിക്കാതെ സ്വർഗ്ഗരാജ്യത്തിൽ നിക്ഷേപിക്കുവാൻ നമുക്ക് കഴിയണം. ഈ ലോകത്തിൽ നിക്ഷേപിക്കുന്നവരുടെ ചിന്തയും വിചാരങ്ങളും ഈ ലോകത്തിൽ തന്നെ ഇരിക്കുന്നു. കാരണം ‘നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും’ (Mt. 6:21 LK12:34.) എന്ന് യേശുതമ്പുരാൻ പറഞ്ഞിരിക്കുന്നു. വളരെ അർത്ഥവത്തായ വചനങ്ങളാണിത്. പ്രാർത്ഥിക്കുവാൻ നിൽക്കുമ്പോഴും വി. കുർബാനയിൽ സംബന്ധിക്കുമ്പോഴും ഒക്കെ നമ്മുടെ ചിന്തകൾ ലൗകീക മേച്ചിൽപുറങ്ങൾ തേടുന്നതിന് കാരണം ലോകനിക്ഷേപങ്ങളുടെ ആധിക്യമാണ്. ഇക്കാരണത്താലാണ് മോശ മിസ്രയീമിലെ നിക്ഷേപങ്ങളെ നിരസിച്ച് ക്രിസ്തുവിന്റെ നിന്ദ വലിയ ധനമായി എണ്ണിയത് (എബ്രാ 11:26).

സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകുമ്പോൾ നാം അറിയാതെ നമ്മുടെ ചിന്തയും ഉയരങ്ങളിലേക്ക് കടന്നുചെല്ലുന്നു (കൊലോ. 3:2) ഉയരത്തിലെ ചിന്തയാണ് അന്ത്യദിനത്തിൽ ഉയിർത്തെഴുന്നേല്ക്കാൻ ഉർജ്ജം നൽകുന്നത്.ലോകധനം ഉറക്കം കെടുത്തുന്നു. സ്വർഗ്ഗനിക്ഷേപം ഉറപ്പ് നൽകുന്നു. പിൻപിലുള്ളതിനേ മറക്കാനും മുൻപിലുള്ള ലക്ഷ്യത്തെ അഥവാ ക്രിസ്തു യേശുവിന്റെ പരമവിളിയുടെ വിരുതിനെ ലാക്കാക്കി ഓടാനും നമ്മെ പ്രാപ്തരാക്കുന്നു (ഫിലി. 3:11).

❑

# വികാരി എഴുതുന്നു...



ദൈവതിരുനാമത്തിന് മഹത്വം ഉണ്ടാകട്ടെ.

**കർത്താവിൽ** പ്രിയസഹോദരങ്ങളേ,

പ. പെന്തിക്കോസ്തി പെരുന്നാളിനുശേഷം ആത്മാവിൽ പുതുക്കമുള്ളവരായ ഇടവകാംഗങ്ങൾക്ക് മാർഗ്ഗ ''ദർശനം'' ആയിത്തീരട്ടെ ഈ പതിപ്പ്. നമ്മുടെ ഇടവകയിലെ യുവജനപ്രസ്ഥാനാംഗങ്ങൾ ആത്മാർത്ഥതയോടും വളരെ അച്ചടക്കത്തോടും കൂടി അവരുടെ കേന്ദ്രനിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രവർത്തിച്ചുവരുന്നു.

ഇന്ന് ആധുനികതയുടെ വേലിയേറ്റം എല്ലാതലങ്ങളിലും കാണാൻ കഴിയുന്നു. അതിന് ഒരറ്റംവരെ മാധ്യമങ്ങൾ അതിന്റേതായ പങ്കുവഹിക്കുന്നു. പത്രങ്ങൾ, മാസികകൾ, പരസ്യങ്ങൾ മറ്റു പ്രസിദ്ധീകരണങ്ങൾ എല്ലാംതന്നെ യുവജനങ്ങളുടെ മനസ്സിനെ ഇളക്കുവാൻ പറ്റുന്ന രീതിയിൽ ദൃശ്യങ്ങൾ കാട്ടുവാൻ വെമ്പൽകൊള്ളുന്നു.

എനിക്ക് യുവാക്കളോട് അറിയിക്കുവാനുള്ളത് റോമർ: 12: 1–5 വരെയുള്ള വാക്യങ്ങളാണ്. ''ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സുപുതുക്കി രൂപാന്തരപ്പെടുവീൻ'' ലോകത്തിൽ അനേക കാര്യങ്ങൾ നമ്മളെ ആകർഷിക്കും. മദ്യം, മയക്കുമരുന്ന്, പലവിധ മാഫിയസംഘങ്ങൾ, അന്യായമായി പണം സമ്പാദിക്കാൻ ഏറ്റെടുക്കുന്ന ഏതു തീരുമാനവും ദൈവഹിതത്തിന് വിരുദ്ധമാണ്.

സങ്കീ: 104:24 ''ഭൂമി നിന്റെ സൃഷ്ടികളാൽ നിറഞ്ഞിരിക്കുന്നു.'' പരിസ്ഥിതിദിനവുമായി ബന്ധപ്പെട്ട് നമ്മുടെ യുവാക്കൾ ഏറ്റെടുത്ത പ്രവർത്തനങ്ങളെ ശ്ലാഘിക്കുന്നു. അത് വേണ്ടവിധത്തിൽ ഇടവകാംഗങ്ങൾ സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഇടവകയുടെ സർവ്വോന്മുഖമായ വളർച്ചയ്ക്ക് എല്ലാവരും ഒത്തൊരുമിച്ച് സഹകരിക്കണം. ലൂക്കോ: 2:40 ''പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു ആത്മാവിൽ ബലപ്പെട്ടുപോന്നു'' എന്ന ക്രിസ്തുസാക്ഷ്യം നിങ്ങളെ എല്ലാ മേഖലകളിലും നയിക്കട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം നിങ്ങളുടെ സ്വന്തം വികാരിയച്ചൻ

**ഫാ. പി. സി. വർഗീസ് പൊടിമറ്റത്തിൽ**

# എന്റെ സ്വപ്നഗ്രാമം



കിളിക്കൊഞ്ചൽ കേട്ടുണർന്ന ഗ്രാമം
കളകളം ഒഴുകുന്ന പുഴയിൽ കളിച്ചകാലം
മനുഷ്യരുടെ സ്നേഹസ്പർശനം
ഏൽക്കും വനങ്ങളിൽ
കളിക്കാൻ കൊതിക്കുന്നു ഞാനും.
ഇളം മഴയിൽ നനഞ്ഞ് കളിച്ചകാലം
മാവിൻചുവട്ടിൽ മാമ്പഴങ്ങൾ പെറുക്കിയകാലം
ഭാവനയിൽ വിരിയുന്ന സ്നേഹപൂന്തോട്ടം
സമ്മാനിച്ച എന്റെ ഗ്രാമം
എത്ര സുന്ദരം.............!
ഗ്രാമത്തിൽ നിറവർണ്ണങ്ങൾ പകർന്നു
തന്ന പ്രകൃതീ....എൻ അമ്മയെ
കാണാൻ എത്തുക എൻ ഗ്രാമത്തിൽ
നിറയെ വർണ്ണങ്ങൾ വാരിയെറിഞ്ഞ്
വിരുന്നു വരുന്നു പൊൻത്തുമ്പികൾ.....
കിളിക്കൊഞ്ചൽ കേൾക്കുന്ന വനങ്ങൾ
സമ്മാനിച്ച എന്റെ ഗ്രാമത്തെ കാണാൻ
എത്തുവതാര് ?
സഹോദരസ്നേഹത്താൽ കഴിയുന്ന
എൻ ഗ്രാമത്തിൽ
നാനമതങ്ങളാൽ നിറഞ്ഞ എൻ ഗ്രാമം
സ്നേഹനിറകുടമാം എൻ ഗ്രാമം
മൺവഴികളാൽ തീർത്ത എന്റെ ഗ്രാമം
കളിച്ചു കളിച്ചു വളർത്തിയ എൻ ഗ്രാമം
പക്ഷേ............? ഈ ഗ്രാമം എന്റെ
സ്വപ്നത്തിൽ എന്നും വിളങ്ങി നിൽക്കുന്നു.

**റ്റിനുമോൾ ടൈറ്റസ് ഇരട്ടാനയിൽ**

***(വായനാവാരം കവിതാ രചനയിൽ ഒന്നാം സ്ഥാനം നേടിയത്)***

**യുവജനപ്രസ്ഥാനത്തിന്റെ ആശംസകൾ...**



ഡോ. കുര്യൻ കുരുവിള
(ഇടവക ട്രസ്റ്റി)



റോണി ഏബ്രഹാം
(ഇടവക സെക്രട്ടറി)



വി. എം. മാത്യു
(സൺഡേസ്കൂൾ ഇൻസ്പെക്ടർ, മണർകാട് ഡിസ്ട്രിക്റ്റ്)



വി. റ്റി. ഏബ്രഹാം
(സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ)

**മെഡിവിഷൻ**

# ഹൈപ്പർ ടെൻഷൻ (അമിത രക്തസമ്മർദ്ദം)



**ഡോ. കുര്യൻ കുരുവിള**

ഹൃദയം സങ്കോചിക്കുമ്പോൾ ഉള്ളിൽ നിന്നും ശക്തമായി പമ്പു ചെയ്യപ്പെടുന്ന രക്തം, ധമനികളുടെ ഭിത്തിയിൽ ഏൽപ്പിക്കുന്ന മർദ്ദമാണ് രക്തസമ്മർദ്ദം. ഹൃദയം സങ്കോചിക്കുമ്പോൾ ഉണ്ടാകുന്ന മർദ്ദത്തിന് സിസ്റ്റോളിക് എന്നും ഹൃദയം വികസിക്കുമ്പോൾ ഉണ്ടാകുന്നതിനു ഡയസ്റ്റോളിക് എന്നും പറയുന്നു. ധമനികളുടെ ഭിത്തിയിൽ ഏൽപ്പിക്കപ്പെടുന്ന ഈ മർദ്ദം മൂലമാണ് ഹൃദയത്തിൽ നിന്നും ഏറ്റവും അകലെയുള്ള കാലിന്റെ തള്ളവിരലിന്റെ അറ്റംവരെ രക്തം ഒഴുകി എത്തുന്നതും അവിടെ നിന്നു തിരിച്ചു ഹൃദയത്തിൽ എത്തുന്നതും. പ്രായപൂർത്തി ആയ ഒരാളിൽ സിസ്റ്റോലിക് 120–ഉം ഡയസ്റ്റോളിക് 80–ഉം ആണ്. ചിലർക്ക് ഇതിൽ തീരെ കുറവായിരിക്കും. അതിന് ലോ ബി.പി എന്നു പറയും. ഇങ്ങനെ ഉള്ളവർക്ക് തലച്ചോറിലേയ്ക്കുള്ള രക്തപ്രവാഹം കുറയുന്നതുകൊണ്ട്, തലകറക്കവും കണ്ണിൽ ഇരുട്ടു കയറുന്നതായി തോന്നുകയും ചെയ്യും. എന്നാൽ രക്തസമ്മർദ്ദം കൂടിയാൽ ബ്രെയിനിനകത്തുള്ള അതീവ സൂക്ഷ്മമായ ഞരമ്പുകളുടെ ഭിത്തിക്കു അതു താങ്ങാൻ മേലാതെ വരുകയും അവ പൊട്ടുകയും ചെയ്യും. രക്തം ഒരിക്കൽ രക്തക്കുഴലിനു വെളിയിൽ വന്നാൽ അതു കട്ടപിടിക്കയും തലച്ചോറിനുള്ളിൽ അതൊരു ഫോറിൻബോഡി ആകുകയും ചെയ്യും. ഇതിന് സ്ട്രോക്ക് എന്നു പറയും. ഇതുണ്ടായാൽ ഒരുവശം തന്നെ തളർന്നു പോകയോ, കണ്ണിന്റെ കാഴ്ചതന്നെ ഇല്ലാതാകയോ ചെയ്യാം. അമിത രക്തസമ്മർദ്ദമുള്ളവർക്കു ഇല്ലാത്തവരെ അപേക്ഷിച്ചു സ്ട്രോക്കുണ്ടാകാൻ ഉള്ള സാധ്യത മൂന്ന് ഇരട്ടിയാണ്. തുടർച്ചയായി, അമിത രക്തസമ്മർദ്ദം നിലനിന്നാൽ അയാളുടെ ഹൃദയപേശികൾക്കു സാരമായ വ്യതിയാനം ഉണ്ടാവുകയും, അതു ഹൃദയാഘാതത്തിനു കാരണമാവുകയും ചെയ്യും. മറ്റൊരു പ്രധാന അവയവം കിഡ്നി ആണ്. അതിന്റെ പ്രവർത്തനം മന്ദഗതിയിൽ ആകുന്നതു കൊണ്ടു ശരീരത്തിൽ കൂടുതൽ വെള്ളം കെട്ടി നിൽക്കാൻ ഇടയാവുന്നു. മറ്റൊന്നു നേത്രങ്ങൾ ആണ്. നേത്രങ്ങൾക്ക് ഉള്ളിലുള്ള റെറ്റിനായിൽ രക്തസ്രവമുണ്ടാവുകയും അത് അന്ധതയ്ക്ക് കാരണമാകയും ചെയ്യും. അമിതവണ്ണം, രക്തസമ്മർദ്ദം കൂടുന്നതിനുള്ള പ്രധാന കാരണമാണ്. അതുപോലെ തന്നെ സ്ഥിരമായ മാനസിക സംഘർഷം, ഹൃദയമിടിപ്പ് കൂടുന്നതിനും രക്തസമ്മർദ്ദം ഉയരുന്നതിനും കാരണമാണ്. അമിത രക്തസമ്മർദ്ദത്തിനുള്ള ചികിത്സയിൽ പ്രധാനം ഭക്ഷണക്രമീകരണമാണ്. ഒന്നാമതായി ഉപ്പിന്റെ ഉപയോഗം തീരെ കുറയ്ക്കണം. പ്രായപൂർത്തിയായ ഒരാൾക്ക് ദിവസം 4 ഗ്രാമിൽ കൂടുതൽ ഉപ്പ് ആവശ്യമില്ല. മത്സ്യത്തിന്റെ ഉപയോഗം കൂട്ടണം. പഴങ്ങൾ, പച്ചക്കറികൾ ഇവ ധാരാളം കഴിക്കണം. പ്രധാനമായി ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം കൃത്യമായ വ്യായാമം ആണ്. ദിവസം കുറഞ്ഞത് 40 മിനിറ്റ് നടക്കുകയോ, സൈക്കിൾ ചവിട്ടുകയോ, നീന്തുകയോ ചെയ്യണം.

# അന്താരാഷ്ട്ര വനവർഷം 2011: ചില ചിന്തകൾ



**എബിൻ വർഗീസ്**

മറ്റൊരു പരസ്ഥിതി ദിനംകൂടി ലോകമെമ്പാടും വലിയ ആരവങ്ങൾ ഉയർത്തി കടന്നുപോയിരിക്കുന്നു. ഈ വർഷം 'Forest : Nature of your Service' (വനം : പ്രകൃതി നിങ്ങളുടെ സേവനത്തിന്) എന്നതായിരുന്നു പരസ്ഥിതി ദിന മുദ്രാവാക്യം. 33 വർഷം പിന്നിട്ട പരിസ്ഥിതി ദിനാചരണത്തിൽ ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ആഘോഷങ്ങൾ ആദ്യമായി ഇന്ത്യയിൽ വച്ച് നടത്തപ്പെട്ടു. 2011–ാം ആണ്ട് 'അന്താരാഷ്ട്ര വനവർഷം' ആയി ആചരിക്കാൻ ഐക്യരാഷ്ട്രസഭ തീരുമാനിച്ചിരിക്കുകയാണ്. തദവസരത്തിൽ നാം ഓരോരുത്തരും മനസ്സിലാക്കിയിരിക്കേണ്ട ചില വനചിന്തകൾ ഇവിടെ പങ്കുവെച്ചുകൊള്ളട്ടെ.

ലോകബാങ്കിന്റെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ലോകത്താകമാനം പ്രതിവർഷം 13,000 ച.കി.മീ. വനപ്രദേശം നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം നൂറോളം ജാതികളിൽപെട്ട സസ്യജന്തുജാലങ്ങൾ ഓരോ ദിവസവും ഭൂമിയിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടുമിരിക്കുന്നു. ലോകം ഭക്ഷ്യ–കൃഷി സംഘടനയുടെ (FAO) യുടെ കണക്കുകൾ പ്രകാരം 1.6 ദശലക്ഷത്തോളം വരുന്ന ലോകജനത ജീവസന്ധാരണ മാർഗ്ഗങ്ങൾക്കായി വനപ്രദേശങ്ങളെ മാത്രം ആശ്രയിക്കുന്നവരാണ്. അതോടൊപ്പം 300 ദശലക്ഷം ജനങ്ങൾ വനപ്രദേശങ്ങളിൽ ജീവിച്ചു വരുന്നു. മറ്റൊരു ഞെട്ടിപ്പിക്കുന്ന കണക്ക് ലോകത്താകമാനം 327 ദശലക്ഷം യു.എസ്സ്. ഡോളറിന്റെ നിയമവിരുദ്ധ ക്രയവിക്രയങ്ങൾ വന ഉല്പന്നങ്ങളുടെ പേരിൽ പ്രതിവർഷം നടക്കുന്നു. നിരന്തരമായി തുടരുന്ന ഈ വനനശീകരണം മൂലം 20 ശതമാനത്തോളം ഹരിത ഗൃഹവാതകങ്ങളാണ് ഓരോ വർഷവും അധികമായി അന്തരീക്ഷത്തിലേക്ക് വലയ്ക്കുന്നത്.

ഭാരതത്തിലെ വനത്തിന്റെ കണക്കുകളും ആശാവഹമല്ല. രാജ്യത്തിന്റെ ഭൂവിസ്തൃതിയുടെ 18.34 ശതമാനം മാത്രമാണ് ഇന്ന് വനപ്രദേശം ഉള്ളത്. കർശനമായ നിയമങ്ങൾ നടപ്പാക്കിയതിനുശേഷവും വനവിസ്തൃതി 0.8 മുതൽ 3.5 ശതമാനം വരെ പ്രതിവർഷം കുറയുന്നത് ആശങ്കാവഹമാണ്. ലോകത്തിൽ തന്നെ ഏറ്റവും കുറവ് ആളോഹരി വനവിസ്തൃതിയായ 0.08 ഹെക്ടർ ഇന്ത്യയിലാണ്. ആഗോള ശരാശരി 0.5 ഹെക്ടറും വികസിത രാജ്യങ്ങളിൽ ഇത് 0.64 ഹെക്ടറും ആയിരിക്കുമ്പോൾ ആണിത്. ലോകത്തിലെ 7.6% സസ്തനികളും, 12.6% പക്ഷികളും, 6.2% ഉരഗങ്ങളും, 4.4% ഉഭയജീവികളും, 11.7% മീനുകളും, 6% പുഷ്പിണികളായ സസ്യങ്ങളും ഇന്ത്യയിലെ വനപ്രദേശങ്ങളിൽ കാണുന്നു.

നമ്മുടെ സംസ്ഥാനമായ കേരളത്തിലും വനവും വനവിഭവങ്ങളും അനുസ്യൂതം ചൂഷണത്തിനു വിധേയമാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. 9400 ച.കി.മീ. (24.18%) വനപ്രദേശമാണ് സംസ്ഥാനത്തുള്ളതെന്ന് സർക്കാർ കണക്കുകൾ സൂചിപ്പിക്കുന്നു. യഥാർത്ഥ കണക്കുകൾ ഇതിലും വളരെ കുറവാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

തദവസരത്തിൽ വനാശ്രയത്വം കുറക്കുക, പ്രകൃതി വിഭവങ്ങളുടെ ശരിയായ ഉപഭോഗം എന്നീ ലക്ഷ്യങ്ങളോടെ ഗവൺമെന്റും, വിവിധ സംഘടനകളും അതോടൊപ്പം ക്രിസ്തീയ സഭകളും നടത്തുന്ന പ്രവർത്തനങ്ങളിൽ നാം ഓരോരുത്തരും ഭാഗഭാക്കാകുക. "വനവും പ്രകൃതിയും ഭാവിതലമുറയ്ക്കും അവകാശപ്പെട്ടതാണ്." ❑

വാർത്തകൾ

# വായനാക്കളരി 2011

കാരാട്ടുകുന്നേൽ O.C.Y.M ന്റെ നേതൃത്വത്തിൽ Sundayschool- ന്റെയും M.G.O.C.S.M- ന്റെയും സഹകരണത്തോടെ വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുന്നതിനായി 2011 May 22-ാം തീയതി മുതൽ 27 വരെയുള്ള ദിവസങ്ങളിൽ വായനാക്കളരി നടത്തപ്പെട്ടു. Rev.Fr.P.C.Varghese പൊടിമറ്റത്തിലിന്റെ സാന്നിദ്ധ്യത്തിൽ 'യുവജനപ്രസ്ഥാനത്തിന്റെ മുഖ പത്രമായ 'യുവജന'ത്തിന്റെ ചീഫ് എഡിറ്റർ ശ്രീ. രാജ് ഫിലിപ്പ് ഉദ്ഘാടനം ചെയ്തു.

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണിവരെയുള്ള സമയങ്ങളിൽ വായനാവാരം നടത്തപ്പെട്ടു. പ്രാർത്ഥനയോടുകൂടി ആരംഭിക്കുന്ന യോഗങ്ങളിൽ ഭാഷാഭേദമെന്യേ വിവിധതരം പുസ്ത കങ്ങളും പത്രങ്ങളും മാസികകളും മറ്റു അനുകാലിക പ്രസിദ്ധീകരണങ്ങളും വായനയ്ക്കായി നല്കിയിരുന്നു.

വായനയുടെ ആവശ്യകതയെക്കുറിച്ച് ട്രസ്റ്റി ഡോ.കുര്യൻ കുരുവിളയും, അണുശക്തി എന്ന വിഷയത്തെക്കുറിച്ച് ശ്രീമതി അനു സ്ലീബായും, വേദപുസ്തക പശ്ചാത്തലത്തിൽ പ്രകൃതി സംരക്ഷണത്തെപ്പറ്റി സണ്ടേസ്ക്കൂൾ ഇൻസ്പെക്ടർ വി. എം. മാത്യുവും, മദ്ധ്യസ്ഥ പ്രാർത്ഥനയെക്കുറിച്ച് ഫാ. പി. സി. വർഗീസും ക്ലാസ്സുകൾ എടുത്തു.

ഇതിനോടനുബന്ധിച്ച് വിവിധതരം മത്സരങ്ങളും എസ്സേ കോമ്പറ്റീഷൻ, കവിതാരചന, ചിത്രരചന, ഗ്രൂപ്പ്വൈസ് കോമ്പറ്റീഷൻസ്, റിക്രിയേഷണൽ ഗയിംസ് എന്നിവ നടത്തപ്പെട്ടു. സമാപന ദിവസം എബിൻ വർഗീസിന്റെ നേതൃത്വത്തിൽ 'അണുശക്തി ആവശ്യമോ?' എന്ന വിഷയത്തെ ആസ്പദമാക്കി സംവാദവും നടത്തപ്പെട്ടു. വായനാക്കളരിയുടെ ഭാഗ മായി 'നിറവ്' എന്ന കൈയ്യെഴുത്ത് മാസിക പ്രകാശിപ്പിച്ചു. ഈ സംരംഭം ഒരു വിജയമാക്കി തീർത്ത എല്ലാവർക്കും നന്ദി.

# ഭാരതത്തിന്റെ അപ്പോസ്തോലൻ...

*(ഒന്നാം പേജിൽ നിന്നും തുടർച്ച)*

വെന്നു പരിശോധിക്കാം. യേശുക്രിസ്തു മനുഷ്യനായി ശ്ലീഹന്മാരോടൊപ്പം ഈ ലോകത്തിൽ ജീവിച്ച കാലത്തെ ക്കുറിച്ച് പ്രതിപാദിക്കുന്നത് നാല് സുവി ശേഷഭാഗങ്ങളിലാണ്.

യേശുക്രിസ്തുവിന്റെ കബറടക്കത്തിന്ശേഷം നടന്ന സംഭവങ്ങൾ വി. മത്തായി 28:16, 17 വാക്യങ്ങ ളിൽ പ്രതിപാദിക്കുന്നതിപ്രകാരമാണ്: "എന്നാൽ പതി നൊന്നു ശിഷ്യന്മാർ ഗലീലയിൽ യേശു അവരോട് കല്പിച്ചിരുന്ന മലെക്കു പോയി. അവനെ കണ്ടപ്പോൾ അവർ നമസ്കരിച്ചു. ചിലരോ സംശയിച്ചു." ഇവിടെ യേശുക്രിസ്തുവിന്റെ കല്പനപ്രകാരം മലയിലേക്ക് ശിഷ്യന്മാർ പോകുന്നതായി പറയുന്നു. അവർ അവിടെ വച്ച് യേശുക്രിസ്തുവിനെ നമസ്കരിച്ചു. അവരിൽ ചിലർ യേശുവിനെ സംശയിച്ചതായും രേഖപ്പെടുത്തു ന്നു. ഇവിടെ ചിലർ എന്നു ബഹുവചനത്തിൽ പറ ഞ്ഞിരിക്കുന്നതുകൊണ്ട് തന്നെ ഒന്നിലധികം പേർ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ സംശയിച്ചിരിക്കാം. തോമാ ശ്ലീഹാ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണാതെ വിശ്വസിക്കുകയില്ല എന്നാണ് പറഞ്ഞ തെന്നും ഇത്തരുണത്തിൽ പ്രത്യേകം അനുസ്മരിക്കേ ണ്ടതാണ്.

വി. മർക്കോസ് 16:9-14-ൽ ഇപ്രകാരം പറ യുന്നു: "അവൻ ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ രാവിലെ ഉയിർത്തെഴുന്നേറ്റിട്ട് താൻ ഏഴ് ഭൂതങ്ങളെ പുറത്താക്കിയിരുന്ന മഗ്ദലക്കാരത്തി മറിയയ്ക്ക് ആദ്യം പ്രത്യക്ഷനായി. അവൾ ചെന്ന് അവനോടുകൂടെ ഇരുന്നവരായി ദുഃഖിച്ചും കരഞ്ഞും കൊണ്ടിരിക്കു ന്നവരോട് അറിയിച്ചു. അവൻ ജീവനോടിരിക്കുന്നു എന്നും അവൾ അവനെ കണ്ടു എന്നും അവർ കേട്ടാറെ വിശ്വസിച്ചില്ല. പിന്നെ അവരിൽ രണ്ടുപേർ നാട്ടിലേക്ക് പോകുമ്പോൾ അവൻ മറ്റൊരു രൂപത്തിൽ അവർക്കു പ്രത്യക്ഷനായി. അവർ പോയി ശേഷമു ള്ളവരോട് അറിയിച്ചു. അവരുടെ വാക്കും അവർ വിശ്വ സിച്ചില്ല. പിന്നത്തേതിൽ പതിനൊരുവർ ഭക്ഷണത്തി നിരിക്കുമ്പോൾ അവൻ അവർക്കു പ്രത്യക്ഷനായി. തന്നെ ഉയിർത്തെഴുന്നേറ്റവനായി കണ്ടവരുടെ വാക്ക് വിശ്വസിക്കായ്കയാൽ അവരുടെ അവിശ്വാസത്തേയും ഹൃദയകാഠിന്യത്തേയും ശാസിച്ചു." മഗ്ദലക്കാരത്തി മറി യയ്ക്കും മറ്റു രണ്ടുപേർക്കും യേശു ഉയിർത്തെഴു ന്നേറ്റശേഷം പ്രത്യക്ഷനായി. ഇവർ തങ്ങൾക്ക് പ്രത്യക്ഷ നായ യേശുവിനെപ്പറ്റി മറ്റുള്ളവരോട് പറഞ്ഞെങ്കിലും അവർ വിശ്വസിച്ചില്ല. പൊതുവായിട്ടാണ് ശേഷമുള്ളവർ എന്നും അവനോടുകൂടെ ഇരുന്നവരായി ദുഃഖിച്ചും കരഞ്ഞും കൊണ്ടിരുന്നവർ എന്നും പറഞ്ഞിരിക്കുന്ന ത്. എന്നാൽ ഇതിൽ പതിനൊന്ന് ശിഷ്യന്മാർ (യൂദാ ഒഴി കെ) ഉൾപ്പെട്ടിരുന്നുവെന്ന് പിന്നീടുള്ള വാക്യം വ്യക്ത മാക്കുന്നു. താൻ ഉയിർത്തെഴുന്നേറ്റുവെന്ന മറിയയു ടേയും മറ്റ് രണ്ടു പേരുടേയും വാക്കുകളെ വിശ്വസി ക്കാത്ത പതിനൊരുവരെ യേശു ശാസിക്കുന്നു.

വി. ലൂക്കോസ് 24:8-11-ൽ ഇപ്രകാരം പറയുന്നു: "അവർ അവന്റെ വാക്ക് ഓർത്തു. കല്ലറ വിട്ടു മടങ്ങി പ്പോയി പതിനൊരുവർ മുതലായ എല്ലാവരോടും ഇതു ഒക്കെയും അറിയിച്ചു. അവർ ആരെന്നാൽ മഗ്ദലക്കാ രത്തി മറിയ, യോഹന്നാ, യാക്കോബിന്റെ അമ്മ മറിയ എന്നവർ തന്നെ. അവരോടുകൂടെയുള്ള മറ്റു സ്ത്രീകളും അത് അപ്പോസ്തോലന്മാരോടു പറഞ്ഞു. ഈ വാക്ക് അവർക്ക് വെറും കഥപോലെ തോന്നി. അവരോ വിശ്വസിച്ചില്ല." ഉയിർത്തെഴുന്നേറ്റ ക്രിസ്തുവി നെക്കുറിച്ച് മഗ്ദലക്കാരത്തി മറിയയും മറ്റ് സ്ത്രീകളും ശ്ലീഹന്മാരോട് പറഞ്ഞുവെങ്കിലും അവർ അവരുടെ വാക്ക് വിശ്വസിച്ചില്ല എന്നാണ് വി. ലൂക്കോസ് രേഖപ്പെ ടുത്തുന്നത്.

തോമാശ്ലീഹായുടെ അവിശ്വാസത്തെക്കുറിച്ച് വി. യോഹന്നാൻ 20:24, 25 വാക്യങ്ങളിൽ ഇപ്രകാരം പറ യുന്നു: "എന്നാൽ യേശു വന്നപ്പോൾ പന്തിരുവരിൽ ഒരുവനായ ദിദിമോസ് എന്ന തോമസ് അവരോടുകൂടെ ഉണ്ടായിരുന്നില്ല. മറ്റേ ശിഷ്യന്മാർ അവനോട് ഞങ്ങൾ കർത്താവിനെ കണ്ടു എന്നു പറഞ്ഞാറെ ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുത് കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്ത് കൈ ഇടു കയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല എന്ന് അവൻ അവരോടു പറഞ്ഞു." ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നത് ക്രിസ്തുവിനെ നേരിൽ കാണാതെ വിശ്വസിക്ക യില്ല എന്നാണ് തോമാശ്ലീഹാ പറഞ്ഞത്.

ഇതിൽ നിന്നു തന്നെ മാർത്തോമാശ്ലീഹാ മാത്രമല്ല സംശയാലു എന്നു വ്യക്തമാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തെ അങ്ങനെ അധിക്ഷേപിക്കുന്നത് ശരിയു മല്ല. ❑

# സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ ആവശ്യകത

## റീനു എലിസബേത്ത് എബ്രഹാം



നാം ഇന്ന് 21-ാം നൂറ്റാണ്ടിലേക്ക് പ്രവേ ശിച്ചിരിക്കുകയാണല്ലൊ. ലോകം ഇന്ന് ഭൗതീക നേട്ടങ്ങളുടെ ഉച്ചകോടിയിൽ എത്തി നിൽക്കുകയാണ്. എന്നിരുന്നാലും അദ്ധ്യാത്മീ കകാര്യങ്ങളിൽ ആരും തന്നെ ശ്രദ്ധ ചെലു ത്തുന്നില്ല. അതിന്റെ ഭവിഷത്തുകൾ അതൊ ടൊപ്പം തന്നെ നമ്മെ പിടികൂടുകയും ചെയ്യുന്നു.

ഇന്നത്തെ നമ്മുടെ സമൂഹത്തിന്റെ യഥാ ർത്ഥ ചിത്രം എന്താണ്. വ്യക്തി വ്യക്തിയോട് എതിർക്കുന്നു, കുടുംബം കുടുംബത്തോട് എതിർക്കുന്നു, രാജ്യം രാജ്യത്തോട് എതിർക്കു ന്നു, എന്തിന് മറ്റുള്ളവർക്ക് നേരായ പാത മാതൃകയാക്കി കൊടുക്കേണ്ട മതങ്ങൾ പോലും ഇന്ന് മത്സരിച്ചുകൊണ്ട് തമ്മിലടിക്കു കയല്ലേ; എങ്ങും സമാധാനമില്ല. സന്തോഷ മില്ല. എങ്ങും അസംതൃപ്തി മാത്രം. ഈ സന്ദർഭത്തിലാണ് ആദ്ധ്യാത്മികതയുടെ ചൈതന്യവും പ്രാധാന്യവും നാം മനസ്സിലാ ക്കേണ്ടിയിരിക്കുന്നത്. ശൈശവം, ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം എന്നീ ഘട്ട ങ്ങൾ പിന്നിടുമ്പോഴാണ് മനുഷ്യജീവിതം പരി പൂർണ്ണമാവുന്നത് ഇതിൽ ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണം പ്രധാനമായും നടക്കു ന്നത് ബാല്യം മുതല്ക്കാണല്ലൊ. ബാലൻ നട ക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കു ക. അവൻ വൃദ്ധനായാലും അതു വിട്ടു മാറു കയില്ല (സദൃ. 22:6). ബൈബിളിലെ എത്ര അർത്ഥവത്തായ ഒരു വാക്യമാണിത്. മാതാ പിതാക്കളാണ് ഒരു ശിശുവിന്റെ ആദ്യ ഗുരു ക്കന്മാർ. പിന്നീട് അവൻ വിദ്യാലയത്തിൽ പഠനം ആരംഭിക്കുന്നു. അതോടൊപ്പം സൺഡേസ്കൂളിലും പഠനം നടത്തുന്നു.

ക്രിസ്തീയ ജീവിതത്തിന്റെ ആണിക്കല്ലും, മൂലക്കല്ലുമാണല്ലോ സൺഡേസ്കൂൾ. സെക്യുലർ വിദ്യാഭ്യാസം എങ്ങനെ ജീവിത ത്തിന്റെ ജ്ഞാനമേഖലകളെ സംപുഷ്ടപ്പെടു ത്തുന്നോ അതുപോലെ ക്രിസ്തീയ പരിജ്ഞാ നത്തിലേക്കുള്ള ആധാരശിലയാണ് ഈ പഠ നപ്രക്രിയ. ക്രിസ്തീയ അവബോധത്തിനുപ രിയായി താൻ മുറുകെപിടിച്ചിരിക്കുന്ന മൗലിക മൂല്യങ്ങളെ വളർത്തുന്നതിനും ഈ വിദ്യാഭ്യാസം ഒരു അള വോളം സഹായിക്കുന്നു.

വേദപഠനം ഒരു കുട്ടിയെ യഥാർത്ഥ ക്രിസ് ത്യാനിയായി വളരുവാൻ സഹായിക്കുന്നു. ക്രിസ്തുവിന്റെ യഥാർത്ഥ അനുയായി ആരെന്നു മന സ്സിലാക്കുന്നതിനും അതി നുവേണ്ടിയുള്ള പ്രവർത്ത നങ്ങൾക്കും സൺഡേ സ്കൂൾ മുഖാന്തിരമാകുന്നു. സഭാജീവിത ത്തിന്റെ അച്ചടക്കത്തേയും മൂല്യത്തേയും കുറിച്ച് പഠിക്കുന്ന ഇടമാണ് സൺഡേ സ്കൂൾ. സഭാജീവിതത്തിനെതിരായി ഉയർന്നുവരുന്ന ശബ്ദങ്ങളെ തിരിച്ചറി യാനും, എന്താണ് സഭയുടെ ഇന്നത്തെ അവസ്ഥ എന്ന് മനസ്സിലാക്കുന്നതിനും, നോമ്പ്, ഉപവാസം, അചാരാനുഷ്ഠാനങ്ങൾ എന്നിവയുടെ ശരിയായ അർത്ഥതലങ്ങൾ അറിയുന്നതിനും, അതനുസരിച്ച് ജീവി തത്തെ ക്രമപ്പെടുത്തുവാനും ഈ പഠനം സഹായിക്കുന്നു.

എന്നാൽ ഇന്ന്, ആധുനിക തലമുറ സൺഡേസ്കൂളിന് പ്രാധാന്യം നല്കാതെ സ്കൂൾ വിദ്യാഭ്യാസത്തിന് അമിത പ്രാധാന്യം നല്കുന്നു. എന്നാൽ അവരുടെ സ്വഭാവരൂപീകരണത്തിനും ആത്മീയവ ളർച്ചയ്ക്കും വേണ്ടപോലെ ശ്രദ്ധകൊടുക്കു ന്നില്ല. അതിന്റെ ഫലമായി മൂല്യബോധമി ല്ലാത്ത ഒരു തലമുറ ഉടലെടുക്കുന്നു. അതിന്റെ ഭവിഷത്ത് വളരെ ഭയാനകമായി രിക്കും.

സമൂഹത്തിന്റെ ഗതിവിഗതികളെ തിരി ച്ചറിയുന്നതിനും അതിനനുസൃതമായി പ്രതീ കരിക്കേണ്ടതും ക്രിസ്ത്യാനിയുടെ കടമയാ ണ്. ഒരു വ്യക്തി സമൂഹത്തിനു മുതൽകൂ ട്ടാകുന്നത് അവൻ മൂല്യബോധങ്ങളോടെ ചിന്തിക്കുകയും പ്രതീകരിക്കുകയും ചെയ്യു മ്പോഴാണ്. നമ്മൾക്ക് ലഭിക്കുന്ന ഏറ്റവും വിലയേറിയ പൈതൃകം ദൈവവിശ്വാസവും സ്വഭാവശ്രേഷ്ഠതയുമാണ്. ഈ മൂല്യബോ ധങ്ങൾ അവന്റെ ഹൃദയത്തിൽ കോറിയിടു വാൻ Sunday school പഠനം അത്യാവശ്യ മാണ്. ❑

## സ്നേഹസ്മരണയ്ക്ക്



ഏലിയാമ്മ ഏബ്രഹാം (67)

പുറങ്കാവിലായ ഏലന്താനത്ത്

മക്കളും കൊച്ചുമക്കളും

## അഭിനന്ദനങ്ങൾ

വർഷങ്ങളായി യുവജനപ്ര സ്ഥാനത്തിന്റെ വൈസ് പ്രസിഡണ്ടായി സേവനമനു ഷ്ഠിച്ച് ഇപ്പോൾ ഇടവക സെക്രട്ടറിയായി തിരഞ്ഞെടു ക്കപ്പെട്ട റോണി ഏബ്രഹാ മിന് യുവജനപ്രസ്ഥാന ത്തിന്റെ അഭിനന്ദനങ്ങൾ.

## സ്നേഹസ്മരണയ്ക്ക്



കെ. എം. മാത്യു B.Sc. B.T, D.td, (Rtd. EEO)

(ഉണ്ണിസാർ) (80)

തെക്കേക്കര, വഴനതോട്ടത്തിലായ കരിങ്ങാലിക്കാട്ടിൽ

മക്കളും കൊച്ചുമക്കളും

## ജന്മദിന ആശംസകൾ



നേഹ എൽസാ ഷാജൻ

ചെറുകുന്നേൽ

## ജന്മദിന ആശംസകൾ



അബിയ എൽസാ സ്ലീബാ

ചേരിയിൽ

## അപ്പുവിന് ചിപ്പുവിന്റെ ജന്മദിനാശംസകൾ



അരുഷ് കെ. ജോഷി

ഉതുപ്പാൻപറമ്പിൽ

Printed and Published by Fr. P. C. Varghese, President St. Mary's Youth Movement, Karattukunnel. Editor: Joshy O. J.
E-mail Address: darshanamkarattukunnel@yahoo.com Printed at Sophia Print House, Kottayam.